**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 913** **06-02-2023 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ ദേവസ്വത്തിലെ പ്രവൃത്തികളുടെ ഭരണാനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ ദേവസ്വത്തിലെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്ന ചുമതല ആരിൽ നിക്ഷിപ്തമാണെന്ന് വ്യക്തമാക്കാമോ; ഓരോ ചുമതലക്കാർക്കും നിശ്ചയിച്ചിട്ടുള്ള എസ്റ്റിമേറ്റ് സാമ്പത്തിക പരിധി എത്രയെന്ന് അറിയിക്കാമോ; ഗുരുവായൂർ ദേവസ്വത്തിന് നേരിട്ട് ചെയ്യാവുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സാമ്പത്തിക പരിധി എത്രയാണെന്ന് അറിയിക്കാമോ; | (എ) | ഗുരുവായൂർ ദേവസ്വം ഭരണസമിതിക്കാണ് ഭരണാനുമതി നൽകുവാനുള്ള ചുമതല. അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിലുള്ള പുതിയ പ്രവൃത്തികൾക്ക് ഗുരുവായൂർ ദേവസ്വം കമ്മീഷണറുടെ മുൻകൂർ ധനവിനിയോഗാനുമതി കൂടി ആവശ്യമാണ്. |
| (ബി) | പ്രസ്തുത എസ്റ്റിമേറ്റ് സൂക്ഷ്മ പരിശോധന നടത്തുന്നതിന് നിശ്ചിത ശതമാനം ഫീസ് അല്ലെങ്കിൽ കമ്മീഷൻ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ നിരക്ക് അറിയിക്കാമോ; | (ബി) | എസ്റ്റിമേറ്റ് സൂക്ഷ്മ പരിശോധന നടത്തുന്നത് ഗുരുവായൂർ ദേവസ്വം എഞ്ചിനീയറിംഗ് വിഭാഗമാണ്. എസ്റ്റിമേറ്റിന്റെ സൂക്ഷ്മ പരിശോധനയ്ക്ക് ശമ്പളത്തിന് പുറമേ ഫീസുകളൊന്നും നിലവിൽ നൽകുന്നില്ല. |
| (സി) | പ്രസ്തുത നിരക്ക് ഏർപ്പെടുത്തിയിരിക്കുന്നത് ഏത് ഉത്തരവിന്റെ അഥവാ ചട്ടത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (സി) | എസ്റ്റിമേറ്റ് സൂക്ഷ്മ പരിശോധന നടത്തുന്നത് ഗുരുവായൂർ ദേവസ്വം എഞ്ചിനീയറിംഗ് വിഭാഗമാണ്. എസ്റ്റിമേറ്റിന്റെ സൂക്ഷ്മ പരിശോധനയ്ക്ക് ശമ്പളത്തിന് പുറമേ ഫീസുകളൊന്നും നിലവിൽ നൽകുന്നില്ല. |

സെക്ഷൻ ഓഫീസർ